**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4698** **13-03-2023 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിന് കീഴിലെ ആശുപത്രികള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ അപകടങ്ങളിലും മറ്റും പരിക്ക് ഏൽക്കുന്ന വന്യജീവികളെ സംരക്ഷിക്കുന്നതിന് വനം വകുപ്പിന് കീഴിൽ എത്ര ആശുപത്രികളാണുള്ളത്; | (എ) | കിഫ്ബി ധനസഹായത്തോടെ നിർമ്മാണം പുരോഗമിച്ചു വരുന്ന കോട്ടൂർ ആനപുന:രധിവാസ കേന്ദ്രത്തിന്റെ ഭാഗമായി ആനകൾക്കുള്ള ഒരു സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ കപ്രിക്കാട്ടുള്ള അഭയാരണ്യത്തോടനുബന്ധിച്ച് വെറ്ററിനറി ഹോസ്പിറ്റലും ആയതിന്റെ ചാർജ് വഹിക്കുന്ന അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറും നിലവിലുണ്ട്. കൂടാതെ കോഴിക്കോട്, കോട്ടയം, തേക്കടി, മുത്തങ്ങ ആനപരിപാനകേന്ദ്രം, കോട്ടൂർ, പുനലൂർ, കോന്നി, മൂന്നാർ, തൃശ്ശൂർ, പാലക്കാട് എന്നീ സ്ഥലങ്ങളിൽ നിയോഗിക്കപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരുടെ നേതൃത്വത്തിൽ, പരിക്ക് പറ്റുന്ന വന്യമൃഗങ്ങൾക്ക്, മതിയായ ചികിൽസ നൽകി കാട്ടിലേക്ക് തിരികെ വിട്ടയച്ച് വരുന്നു. വയനാട് ഡിവിഷനിൽ കുപ്പാടിയിൽ ഒരു ആനിമൽ ഹോസ്പൈസ് സെന്റർ പ്രവർത്തിച്ച വരുന്നു. |
| (ബി) | വകുപ്പിന്റെ കീഴിൽ പുതിയവ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; അറിയിക്കാമോ? | (ബി) | പുനലൂർ ഡിവിഷനിലെ അഞ്ചൽ റെയിഞ്ചിന്റെ പരിധിയിലുള്ള ഭാരതീപുരം കേന്ദ്രമാക്കി നബാർഡിന്റെ സഹായത്തോടെ ഒരു വെറ്ററിനറി ആശുപത്രിയുടെ നിർമ്മാണം നടന്നു വരുന്നു. നബാർഡ് RIDF Tranche-XXVII സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കപ്പെടുന്ന Developing Rapid Response Team (RRT) & VET for mitigating Human-Wildlife Conflict എന്ന പദ്ധതിയുടെ ഭാഗമായി, മൂന്നാർ ഡിവിഷനിലെ ദേവികുളം റെയിഞ്ചിൽ കേജ് ഷെഡ്, പോസ്റ്റ്മോർട്ടം റൂം, സർജിക്കൽ മെഡിക്കൽ സൗകര്യങ്ങളോട്ടു കൂടിയ വെറ്ററിനറി ഓഫീസ്, ആർ.ആർ.റ്റി & വെറ്ററിനറി സെന്റർ, ജി.ഐ.എസ് ലാബ്, ബാച്ചിലേഴ്സ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | പുരോഗമിച്ചു വരുന്നു. നിലമ്പൂർ നോർത്ത്, പാലക്കാട് ഡിവിഷനുകളിൽ നബാർഡ് Tranche XXVII സ്കീമിൽ ഉൾപ്പെടുത്തി പുതിയ ആർ.ആർ.റ്റി, വെറ്റിറനറി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ വനം ഡിവിഷനിലെ കൊട്ടിയൂർ റെയിഞ്ചിന്റെ പരിധിയിൽ വരുന്ന ആറളം ഫാം ബ്ളോക്ക് 13 ൽപ്പെട്ട സ്ഥലത്ത് വെറ്റിറിനറി സെന്റർ സ്ഥാപിക്കുന്നതിന് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം പുരോഗമിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ